പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 432 07.01.2014 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം

ചോദ്യം

ശ്രീമതി. പി. അയിഷാപോറ്റി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം മുടങ്ങാനിടയായതിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണ് ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരവും-ചെലവും തമ്മിൽ ഏകദേശം 93 കോടി രൂപയുടെ അന്തരമുണ്ട്. ഇതിൽ പ്രധാനമായും വായ്പ തിരിച്ചടവിനത്തിൽ 42 കോടി രൂപയും, പെൻഷൻ ഇനത്തിൽ 36 കോടി രൂപയും, കോടതി വിധി പ്രകാരം നിർബന്ധിത നിക്ഷേപമായി കരുതുന്നതിന് 15 കോടി രൂപയുമാണ് വേണ്ടി വരുന്നത്. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്ന് ലോൺ മുഖേനയും, സർക്കാരിൽ നിന്നും നൽകിയ ധനസഹായവും കൊണ്ടാണ് ഈ കമ്മി നികത്തി വരുന്നത്. ടി കമ്മി പൂർണ്ണമായും നികത്തുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടാണ് പെൻഷൻ മുടങ്ങുന്നതിനുള്ള കാരണം. |
| (ബി) | സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം 93 കോടി രൂപയാണ്. അതിനാൽ തന്നെ പ്രതിമാസ വരുമാനത്തിൽ നിന്നും പെൻഷൻ നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. നിലവിലെ സാഹചര്യത്തിൽ സർക്കാർ ധനസഹായമോ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും വായ്പയോ ലഭ്യമായാൽ മാത്രമേ പെൻഷൻ വിതരണം കൃത്യമായി നടത്താൻ കഴിയുകയുള്ളൂ. പെൻഷൻ തുക നിശ്ചിത തീയതിയിൽ വിതരണം ചെയ്യുന്നതിനായി ഒരു നിധി രൂപീകരിക്കുന്നതിനായി എൽ.ഐ.സി പോലുള്ള ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ